പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3086 — 03.04.2013-ൽ മറുപടിക്ക്

എല്ലാ നഗരസഭകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | ഈ സർക്കാർ ഏതെല്ലാം നഗരസഭകളിൽ മാലിന്യസംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട് ; | എ) & ബി) | പുതുതായി പ്ലാന്റുകൾ സ്ഥാപിച്ചിട്ടില്ല. എന്നാൽ പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായിട്ടുളള പ്രധാന നഗരസഭകളിൽ നവീന രീതിയിലുളള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്നത് (തിരുവനന്തപുരത്ത് ചാല, കോട്ടയത്ത് വടവാതൂർ, എറണാകുളത്ത് ബ്രഹ്മപുരം, തൃശ്ശൂരിൽ ലാലൂർ, കോഴിക്കോട്ട് ഞെളിയൻപറമ്പ്, കണ്ണൂരിൽ ചെലോറ എന്നിവിടങ്ങളിൽ) നവീന പ്ലാന്റുകൾ സ്ഥാപിക്കാനുളള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ എടുക്കുകയും ആയത് നടപ്പിലാക്കാൻ പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി പി പി) അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനുളള നടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്. ഇതിൽ തിരുവനന്തപുരത്തെ നവീന പ്ലാന്റിനുളള നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുളള നടപടികൾ എടുത്തുവരുന്നു. ശേഷിക്കുന്ന സ്ഥലങ്ങളിലെ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുളള നടപടികൾ കൈക്കൊണ്ടുവരുന്നു. |
| ബി) | എല്ലാ നഗരസഭകളിലും മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുമോ; | | |
| സി) | ആയതിനായി സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | സ്വകാര്യപങ്കാളിത്തത്തോടെ സ്ഥാപിക്കുന്ന ഈ പ്ലാന്റുകൾക്ക് മൂലധന ചെലവ് ആവശ്യമില്ല. എന്നാൽ അവിടെ ഉണ്ടാകുന്ന വൈദ്യുതി ഒരു നിശ്ചിതനിരക്കിൽ വാങ്ങേണ്ടതായുണ്ട്. |

സെക്ഷൻ ഓഫീസർ